**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1970** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഭാരത് രജിസ്ട്രേഷൻ (ബി. എച്ച്. രജിസ്ട്രേഷൻ)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ ജീവനക്കാർ അടക്കമുള്ള ചില പ്രത്യേക വിഭാഗക്കാർക്ക് വേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഭാരത് രജിസ്ട്രേഷൻ (ബി.എച്ച്. രജിസ്ട്രേഷൻ) കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഇല്ല. ഭാരത് രജിസ്ട്രേഷൻ നടപ്പിലാക്കിയാൽ സംസ്ഥാനത്തിന് ഒരുവർഷം ഏകദേശം മുന്നൂറ് കോടി രൂപയുടെ വരുമാന നഷ്ടമുണ്ടാകും. അതിനാലാണ് ഭാരത് രജിസ്ട്രേഷൻ (ബി.എച്ച്. രജിസ്ട്രേഷൻ) നടപ്പിലാക്കാത്തത്. |
| (ബി) | ഭാരത് രജിസ്ട്രേഷന് (ബി.എച്ച്. രജിസ്ട്രേഷൻ) അർഹതയുള്ള ചിലർ തൊട്ടടുത്ത സംസ്ഥാനങ്ങളിൽ നിന്നും വാഹനം വാങ്ങുന്നത് നമ്മുടെ സംസ്ഥാനത്തിന് ചെറിയ തോതിലെങ്കിലും ലഭിക്കേണ്ട നികുതി നഷ്ടപ്പെടുത്തുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. ചെറിയ തോതിലുള്ള നികുതി നഷ്ടം ഉണ്ടാകുന്നുണ്ട്. |
| (സി) | നിലവിൽ രാജ്യത്ത് കേരളം അടക്കം ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒഴികെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും ഭാരത് രജിസ്ട്രേഷൻ(ബി.എച്ച്. രജിസ്ട്രേഷൻ) നടപ്പിലാക്കിയ സാഹചര്യത്തിൽ പ്രസ്തുത സംവിധാനത്തെ കുറിച്ച് കൂടുതൽ പഠനം നടത്തുവാനും പ്രായോഗിക തലത്തിൽ നമ്മുടെ സംസ്ഥാനത്ത് അവ നടപ്പിലാക്കുവാനും നടപടികൾ സ്വീകരിക്കുമോ? | (സി) | മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട് പ്രകാരം സംസ്ഥാനത്ത് ഈടാക്കി വരുന്ന നികുതിയും ബി.എച്ച്. സീരീസ് രജിസ്ട്രേഷൻ പ്രകാരം ഈടാക്കേണ്ട നികുതിയും തമ്മിൽ വ്യത്യാസമുള്ളതിനാൽ, ബി.എച്ച്. സീരീസ് നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിന് വലിയ വരുമാന നഷ്ടം ഉണ്ടാകുന്നതാണ്.<br><br>മോട്ടോർ വാഹനങ്ങൾക്ക് നികുതി നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായതിനാലും ബി.എച്ച്. സീരീസ് രജിസ്ട്രേഷൻ നടപ്പിലാക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയ്ക്ക് അനുഗുണമല്ലാത്തതിനാലും നിലവിൽ ഭാരത് രജിസ്ട്രേഷൻ കേരളത്തിൽ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ